## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3578 12.05.2017 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലാപ്സായ കാർഡുകൾ നീക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലാപ്സായ കാർഡുകൾ നീക്കി ഫിസിക്കൽ കൌണ്ടിംഗ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br>(ബി) ഇല്ലെങ്കിൽ സമയബന്ധിതമായി ലാപ്സായ കാർഡുകൾ കൌണ്ടിംഗ് നടത്തി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | എംപ്ലോയ്മെന്റ് വകുപ്പിൽ ഓൺലൈൻ സോഫ്റ്റ് വെയർ 3.5.2017 മുതൽ നിലവിൽ വന്നിട്ടുണ്ട്. യഥാസമയം പുതുക്കാത്ത രജിസ്ട്രേഷനുകൾ, ലാപ്സാക്കേണ്ട മാസത്തിന്റെ ആദ്യ ദിവസം തന്നെ ഓൺലൈൻ സോഫ്റ്റ് വെയർ വഴി ലാപ്സ് ചെയ്യുന്നതാണ്. ആയതിന്റെ കൗണ്ട് സോഫ്റ്റ് വെയർ വഴി കൃത്യതയോടെ ലഭ്യവുമാണ്. ആയതിനാൽ നിലവിൽ ഫിസിക്കൽ കൌണ്ടിംഗ് നടത്തേണ്ട ആവശ്യമില്ല. |
| (സി) തൊഴിലില്ലായ്മ വേതന വിതരണത്തിന്റെ ഓഡിറ്റിംഗ് നടത്താറുണ്ടോ; ഉണ്ടെങ്കിൽ ഏറ്റവും ഒടുവിൽ ഓഡിറ്റിംഗ് നടത്തിയത് എന്നാണ്;വ്യക്തമാക്കുമോ? | (സി) | ഉണ്ട്. 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെയും സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർമാർ പ്രതിമാസം ജില്ലയിലെ കുറഞ്ഞത് 3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെങ്കിലും സന്ദർശിച്ച് തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് പരിശോധന/ഓഡിറ്റ് നടത്തി റിപ്പോർട്ടുകൾ അയച്ചുതരണം എന്ന നിർദ്ദേശം എംപ്ലോയ്മെന്റ് ഡയറക്ടർ നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ മാസവും തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് ഓഡിറ്റ്/ പരിശോധന നടത്തി റിപ്പോർട്ട് എംപ്ലോയ്മെന്റ് ഡയറക്ടർ ലഭ്യമാക്കാറുണ്ട്. |

ഏറ്റവും ഒടുവിൽ മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിൽ 28.4.2017-നും, തലക്കാട് ഗ്രാമപഞ്ചായത്തിൽ 29.04.2017 നും തൊഴിൽ രഹിത വേതന വിതരണം സംബന്ധിച്ച ഓഡിറ്റ്/ പരിശോധന നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ